LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ വിദ്യാഭ്യാസത്തിൽ അടിയന്തര ചികിത്സ നിർബന്ധിത വിഷയമാക്കാൻ നടപടി

11 (*760) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരണപ്പെടുന്നവരിൽ നല്ലൊരു ശതമാനവും അടിയന്തര വൈദ്യസഹായം യഥാസമയം ലഭിക്കാത്തവരാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളും സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളും അടിയന്തര ചികിത്സാ പദ്ധതിക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടോ എന്നറിയിക്കാമോ ;

(സി) ഇല്ലെങ്കിൽ നിലവിൽ പ്രാക്ടീസ് നടത്തുന്ന എല്ലാ ഡോക്ടർമാർക്കും ഈ വിഷയത്തിൽ പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അപകടത്തിൽപ്പെടുന്നവർക്ക് 'അടിയന്തിര ചികിത്സ' മെഡിക്കൽ വിദ്യാഭ്യാസത്തിൽ നിർബന്ധിത വിഷയമാക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര വൈദ്യസഹായം യഥാസമയം ലഭ്യമാക്കുന്നുണ്ട്. റോഡപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്നവരിൽ നല്ലൊരു ശതമാനവും അടിയന്തര വൈദ്യസഹായം ലഭിക്കാത്തവരാണെന്ന നിഗമനം ശരിയല്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മെഡിക്കൽ കോളേജാശുപത്രികളിലും സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിലും അടിയന്തര ചികിത്സാ പദ്ധതിക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഈ വിഷയം സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി രൂപകൽപ്പന ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാൻ നടപടി

12 (*761) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നടപ്പാക്കുന്ന വാർഷിക പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാൻ പുറമേനിന്നുള്ള സ്വതന്ത്ര ഏജൻസികളെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;